നമ്പര 03/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹവികാരിമാരും, പള്ളിക്കൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരേ,

നമ്മുടെ ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന ഭാഗ്യസ്മരണാർഹരായ കടവിൽ പൗലോസ് മാർ അത്താനാസ്യോസ്, കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസ്യോസ്, വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, ഡോ. ഫീലിപ്പോസ് മാർ തെയോഫീലോസ് എന്നീ പിതാക്കന്മാരുടെയും, ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമചാപ്പലിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെയും സംയുക്ത ഓർമ്മപ്പെരുന്നാൾ ജനുവരി മാസം 25, 26 (വെള്ളി, ശനി) തീയതികളിൽ ആലുവാ തൃക്കുന്നത്തുസെമിനാരിയിൽ ആഘോഷിക്കുകയാണ്. കോട്ടയം മെത്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ കടവിൽ പൗലോസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ ചരമ ശതാബ്ദി വർഷം എന്നുള്ളതും ഈ വർഷത്തെ പെരുന്നാളിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. 25-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ആരംഭിക്കുന്ന ഭക്തജന വിശ്വാസസംഗമത്തിലും തുടർന്നുള്ള സന്ധ്യാനമസ്കാരത്തിലും 26-ാം തീയതി ശനിയാഴ്ച രാവിലെ 8 മണിക്കുള്ള വി. കുർബ്ബാനയിലും നിങ്ങളേവരും നേർച്ചകാഴ്ചകളോടുകൂടി വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് താത്പര്യപ്പെടുന്നു. പെരുന്നാൾ ചടങ്ങുകൾക്ക് നാമും നമ്മുടെ സഹോദരമെത്രാപ്പോലീത്തന്മാരും നേതൃത്വം നൽകുന്നതാണ്.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ.**

2008 ജനുവരി മാസം 9 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

PDF created with pdfFactory Pro trial version www.pdffactory.com